**കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (FW) നടപടിക്രമങ്ങൾ**

വിഷയം :- ആ.വ.ഡ – 1.1.2005 മുതൽ 8.10.12 വരെയുള്ള PHN സീനിയോറിട്ടി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 13.9.18ൽ പുറപ്പെടുവിച്ച നോട്ടീസ് റദ്ദ് ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന :- 1) 13.9.18 തീയതിയിൽ ഈ ആഫീസിൽ നിന്നും പുറപ്പെടുവിച്ച നോട്ടീസ് നംബർ ES5/68192/2018/ആ.വ.ഡ.

**ഉത്തരവ് നംബർ ഇ.എസ് 5/68192/2018/ആ.വ.ഡ തീയതി 02/4/2019**

ആരോഗ്യവകുപ്പിൽ നിലവിൽ PHN മാരായി ജോലി ചെയ്തുവരുന്ന കൊല്ലം ജില്ലയിലെ തൃക്കരുവ PHC യിലെ ശ്രീമതി. ബിന്ദു എസ്, മൈനാഗപ്പള്ളി CHC യിലെ ശ്രീമതി. ഗീത എസ്, ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം PHCയിലെ ശ്രീമതി. ഗീത സി.റ്റി. പത്തിയൂർ PHC യിലെ ശ്രീമതി. സിന്ധു എസ്. എന്നിവർ 15.5.2007 ലെ ഉത്തരവ് നംബർ FW(Spl Cell) No. 94660/06/ആ.വ.ഡ പ്രകാരം പ്രസിദ്ധപ്പെടുത്തിയ JPHN Gr. I സീനിയോറിറ്റി പട്ടികയിൽ യഥാക്രമം റാങ്ക് നംബർ 2560 B, 2560 C, 2560 D, 2560 E നൽകി കൂട്ടിച്ചേർക്കൽ വരുത്തിയശേഷമാണ് ടിയാളുകൾക്ക് PHN മാരായി പ്രമോഷൻ നൽകിയിരിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ മേൽപ്പറഞ്ഞ ശ്രീമതി. ബിന്ദു എസ്, ശ്രീമതി. ഗീത എസ്, ശ്രീമതി. ഗീത സി.റ്റി, ശ്രീമതി. സിന്ധു എസ്. എന്നിവർക്ക് മേൽസൂചിപ്പിച്ച PHN സീനിയോറിറ്റി പട്ടികയിൽ യഥാക്രമം 773 (A), 773 (B), 773 (C), 773 (D) എന്നീ സ്ഥാനം നൽകി താൽകാലികമായി ഉൾപ്പെടുത്താൻ തീരുമാനിച്ച് മേൽ സൂചന 1 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ അനുബന്ധ രേഖകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ G.O(P) 291/98/H&FWD/Dt. 8/10/98 പ്രകാരമുള്ള Spl റൂൾസിൽ 6 മാസക്കാലമുള്ള FHS കോഴ്സ് പൂർത്തിയാക്കിയവർക്കുമാത്രമേ LHI സ്ഥാനക്കയറ്റം നൽകാൻ കഴിയൂ. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന പ്രമോഷൻ ഉത്തരവ് തീയതി കണക്കിലെടുത്ത് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന്പകരം ടിയാളുകളുടെ JPHN Gr I സീനിയോറിറ്റി പട്ടികയിലെ റാങ്ക് നംബർ മാത്രം പരിഗണിച്ച് കൊണ്ടാണ് നോട്ടീസ് തെറ്റായി പുറപ്പെടുവിച്ചത്. ടിയാളുകളെ സ്പെഷ്യൽ റൂൾ ചട്ടപ്രകാരം 8/10/12 ന്ശേഷം ഉള്ള സ്ഥാനക്കയറ്റം നൽകിയ PHN മാരെ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന PHN മാരുടെ പുതിയ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്.

ആയതിനാൽ ശ്രീമതി. ബിന്ദു എസ്, ശ്രീമതി. ഗീത സി.റ്റി., ശ്രീമതി. സിന്ധു എസ്. എന്നിവർക്ക് JPHN Gr I സീനിയോറിറ്റി പട്ടികയിൽ നൽകിയ റാങ്ക് നംബർ യഥാക്രമം 2560 B, 2560 C, 2560 D, 2560 E എന്നിവ ക്രമത്തിൽ ആയതിനാലും, ഇതിനാനുപാധികമായിട്ടല്ല PHN സീനിയോറിട്ടി പട്ടികയിൽ സ്ഥാനം നിർണ്ണയിക്കുന്നത് എന്നുള്ളതുകൊണ്ടും PHN സീനിയോറിറ്റി പട്ടികയിൽ ടിയാളുകളെ താൽകാലികമായി ഉൾപ്പെടുത്തുവാൻ നിശ്ചയിച്ച് പുറപ്പെടുവിച്ച സൂചന 1 പ്രകാരമുള്ള നോട്ടീസ് റദ്ദാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ. വി.ആർ. രാജു (Addl DHS (PLA)
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (FW) i/c

സ്വീകർത്താവ്: 1) ശ്രീമതി. ബിന്ദു എസ്, PHN, PHC തൃക്കരുവ കൊല്ലം
2) ശ്രീമതി. ഗീത എസ്, PHN, CHC മൈനാഗപ്പള്ളി കൊല്ലം
3) ശ്രീമതി. ഗീത സി.റ്റി. PHN, PHC കൃഷ്ണപുരം ആലപ്പുഴ
4) ശ്രീമതി. സിന്ധു എസ്. PHN, PHC പത്തിയൂർ
(ജില്ലാ മെഡിക്കൽ ആഫീസർ മുഖേന)
5) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
6) MO i/c PHC തൃക്കരുവ, കൊല്ലം, PHC കൃഷ്ണപുരം ആലപ്പുഴ, CHC മൈനാഗപ്പള്ളി, കൊല്ലം, PHC പത്തിയൂർ ആലപ്പുഴ .
7) ആരോഗ്യവകുപ്പ് വെബ് സൈറ്റ്
8) ഫയൽ / കരുതൽ ഫയൽ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്